ഇ. പി. യിൽ കഴിഞ്ഞ വർഷം അനുവദിച്ച 73 വീടുകളുണ്ട്. ഇക്കൊല്ലം 123 വീടുകളും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏതാണ്ട് 71 വീടുകളും കിളിമാനൂർ ബ്ലോക്കിൽ പൂർത്തിയായിട്ടുണ്ട്. ചിറയിൻകീഴ് ബ്ലോക്കിനെ സംബന്ധിച്ചിടത്തോളം അതുപോലെയാണ്. കഴിഞ്ഞ കൊല്ലം 82 വീടുകളുണ്ട്. അതിൽ 22 വീടുകളും പൂർത്തിയായിട്ടുണ്ട്. അപ്പോൾ വീടുകളുടെ പണി പൂർത്തിയാകുന്നതിന് വീട് കിട്ടുന്ന ആളുകളുടെ താൽപര്യവും ആവശ്യമാണ്. ആ ആളുകളും താൽപര്യമെടുത്തുകൊണ്ട് ശ്രമിക്കുകയാണ് വേണ്ടത്. ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ ഗവൺമെന്റ് തീർച്ചയായും നടപടി സ്വീകരിക്കും.

(3) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ നാലു ദ്വീപുകളിലെ പാലം പണി

ശ്രീ. സി. പി. മുസ്സാൻ കുട്ടി : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പാംപുരുത്തി, കോംത്തുരുത്തി, തേർലായി, കോർലായി എന്നീ 4 ദ്വീപുകളും വളപട്ടണം പുഴയുടെ ചുറ്റുമാണ്. ഒരു വിധത്തിലും വെളിയിലേക്ക് പോകാൻ സാധിക്കുന്നില്ല. ആയിരക്കണക്കിനു വീടുകളുണ്ട്. അവർ എല്ലാ സൗകര്യങ്ങൾക്കും വെളിയിലേക്ക് പോകണം. അതിവർഷമുണ്ടായാലോ രോഗമുണ്ടായാലോ അവർക്ക് വെളിയിലേക്ക് പോകാൻ സാധിക്കുകയില്ല. ഈ 4 ദ്വീപുകൾക്കും പാലം കെട്ടണമെന്ന് പറഞ്ഞ് 1980-ലെ ബഡ്ജറ്റ് വന്നതാണ്. മാത്രമല്ല 1980-ലെ പൊതുമരാമത്തുവകുപ്പു മന്ത്രിയും 1982-ലെ പൊതുമരാമത്തു വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിക്കുകയും അടിയന്തിര നടപടികൾ സ്വീകരിക്കാമെന്നു പറയുകയും ചെയ്തു. കഴിഞ്ഞ മാസം ആ പാംപുരുത്തു ദ്വീപിൽനിന്നും ഒരു അപകടമരണമുണ്ടായി. കുട്ടികൾ മരിച്ചു. ഇത്തരം ദുരിതം ഒഴിവാക്കുന്നതിനുവേണ്ടി അടിയന്തിരമായി ഈ 4 ദ്വീപുകൾക്ക് പാലം പണിയാൻ ഉടൻതന്നെ നടപടി സ്വീകരിക്കണമെന്ന് പൊതുമരാമത്തുവകുപ്പുമന്ത്രിയോട് അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർക്കുട്ടി നഹ) : സർ, ഈ 4 ദ്വീപുകൾക്കും പാലം കെട്ടേണ്ടതു വളരെ ആവശ്യമാണെന്നുള്ള കാര്യം അംഗീകരിക്കുകയാണ്. കരയുമായി യാതൊരു ബന്ധവുമില്ലാത്ത ഈ ദ്വീപുകളിൽ നിവസിക്കുന്ന ആളുകൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ സത്വരമായി പതിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ 4 ദ്വീപുകളിലേക്കും പാലങ്ങൾ കെട്ടാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുശേഷം ഡിസൈനും മറ്റും അംഗീകരിച്ച് പാലത്തിന്റെ പണി തുടങ്ങാൻ സാധിക്കും. പക്ഷെ അവിടെയുള്ള റോഡുകളെല്ലാം പി. ഡബ്ല്യൂ. ഡിയുടെ റോഡുകളല്ല. എല്ലാം പഞ്ചായത്തു റോഡുകളാണ്. ഗവൺമെന്റ് സ്വന്തമായി പാലം കെട്ടണമെങ്കിൽ ഈ റോഡുകളെല്ലാം ഗവൺമെന്റ് ഏറ്റെടുക്കണം. അതിനാവശ്യമായ വീതിയിലും നിലത്തിലും സ്ഥലം കിട്ടണം. അതല്ലെങ്കിൽ പഞ്ചായത്ത് കോൺട്രിബ്യൂഷൻ തരാൻ തയ്യാറാകണം. ഏതായാലും ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. അതു കഴിഞ്ഞശേഷം ബാക്കി കാര്യങ്ങളാലോചിക്കാം.

(4) അയ്യന്തോളിലെ പുതിയ വൈദ്യുതി കണക്ഷൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അയ്യൻതോളിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ഒരൊറ്റ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻപോലും നൽകിയിട്ടില്ല. മുൻഗണനാക്രമമനുസരിച്ച് 300 പേർക്ക് കണക്ഷൻ കിട്ടാൻ ഊഴമായി. ധാരാളം പേർ കോൺട്രിബ്യൂക്ഷനെടുത്ത് കാത്തിരിപ്പാണ്. കാർഷിക കണക്ഷൻ, സ്വയം തൊഴിൽ കണ്ടെത്താനുള്ള കണക്ഷൻ, ലക്ഷം വീട് കണക്ഷൻ, ഹരിജൻ കോളനി കണക്ഷനെല്ലാമുണ്ട്. വോൾട്ടേജ് ക്ഷാമത്തിന്റെ പേരിൽ ഓരോ ഒരുകേസ് കൊടുത്തതിന്റെ മറവിലാണ് ഇത് കൊടുക്കാത്തത്. കേന്ദ്ര സർക്കാർ സ്ഥാപനം പോലും കണക്ഷനില്ലാതെ കഷ്ടപ്പെടുകയാണ്. ഉപഭോക്താക്കളും ബോർഡും തമ്മിലുള്ള കരാർ അനുസരിച്ച് നിശ്ചിത വോൾട്ടേജ് നൽകാമെന്നുള്ള വ്യവസ്ഥയുണ്ട്, അത് ഗണ്യമായി കുറഞ്ഞപ്പോൾ ഒരു കേസ് കൊടുത്തു. കോടതി പുതിയ കണക്ഷൻ കൊടുക്കുന്നതിനെ എതിർത്തിട്ടില്ല. അതേ ഡിവിഷനിൽ തന്നെ അങ്ങയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട അരിംപൂരിൽ വേണ്ടവിധം കണക്ഷൻ കൊടുക്കുന്നുണ്ട്. പക്ഷേ അയ്യന്തോളിൽ പരസ്യമായ വിവേചനം നടത്തുകയാണ്. സർ, അയ്യൻതോൾ പ്രദേശത്തിലെ ബിയ്യൂരിൽ നിന്നും വലിച്ച 11 കെ. വി. ലൈൻ പണി കഴിഞ്ഞിട്ട് കുറച്ചു കാലമായി. ചാർജ് ചെയ്തിട്ടില്ല. ചാർജ് ചെയ്താൽ വോൾട്ടേജ് പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. തലവേദന മാറ്റാൻ തല വെട്ടി കളയുന്ന സമ്പ്രദായം ശരിയല്ല. സാധാരണഗതിക്ക് ബോർഡ് ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറുപടി പറയാതെ ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ കാര്യത്തിൽ ഇടപെട്ട് ഒരു കൊല്ലക്കാലമായി വെളിച്ചത്തിനുവേണ്ടി കാത്തിരിക്കുന്ന അയ്യൻതോളിലെ ജനങ്ങൾക്ക് ശാപമോക്ഷം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഇത് ഒരു സിവിൽ കേസുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. അതായത് തൃശ്ശൂർ മുൻസിഫ് കോടതിയിൽ 2-12-1985-ൽ ഒരു കേസ് ഫയൽ ചെയ്തു. മുകുന്ദമേനോൻ, രാജിവിഹാർ എന്ന ഒരു വ്യക്തി പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിന് നിശ്ചിത വോൾട്ടേജിൽ ഇലക്ട്രിസിറ്റി കൊടുക്കുന്നില്ലെന്നാണ്. ഇലക്ട്രിസിറ്റി സപ്ലൈ ആക്ടനുസരിച്ച് വിദ്യുച്ഛക്തി ബോർഡ് കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്. അതിനെ തുടർന്ന് മുൻസിഫ് എന്താണ് ചെയ്തതെന്ന് വച്ചാൽ, ഇലക്ട്രിസിറ്റി ബോർഡിനെ കേൾക്കാതെ ഒരു സ്റ്റേ ഉത്തരവ് നൽകുകയാണ്. അവിടത്തെ വോൾട്ടേജ് ഉയർത്തിക്കൊടുക്കണമെന്നും, മേലാൽ വോൾട്ടേജ് കുറയാൻ പാടില്ലെന്നുമാണ്. ഈ സ്റ്റേ ഉത്തരവ് വന്നപ്പോൾ പുതിയ കണക്ഷൻ പിന്നീട് കൊടുത്താൽ അവിടെ വോൾട്ടേജ് കുറയും. അതാണ് സ്ഥിതി. അപ്പോൾ പുതിയ കണക്ഷൻ കൊടുത്താൽ വോൾട്ടേജ് കുറയുമെന്നുണ്ടെങ്കിൽ അത് കോർട്ടലക്ഷ്യ കേസ്സാകും. സർ, ഇപ്പോൾ കോർട്ട് അലക്ഷ്യത്തിന്റെ ശിക്ഷയൊക്കെ അങ്ങേക്ക് അറിയാമല്ലോ? വളരെ വിഷമമുള്ള ഒരു കാലമാണിത്. അതുകൊണ്ട് ഈ കോർട്ട് അലക്ഷ്യം വരാതിരിക്കാൻ വേണ്ടി ഉദ്യോഗസ്ഥൻമാർ പുതിയ കണക്ഷൻ കൊടുക്കുന്നത് നിർത്തി. ഞാൻ തൃശ്ശൂരിൽ ചെന്നപ്പോൾ അയ്യൻതോളിലെ ആളുകൾ എന്നെ കണ്ട് നിവേദനം നടത്തി. അപ്പോൾ ഞാൻ പറഞ്ഞു ഒന്നുകിൽ നിങ്ങൾ കക്ഷി ചേർന്ന് കോടതിയുടെ സ്റ്റേ മാറ്റിക്കിട്ടണം; അല്ലെങ്കിൽ വോൾട്ടേജ് ഇമ്പ്രൂവ്മെന്റിന്റെ പണികൾ ആരംഭിച്ചിരിക്കുന്നത് പൂർത്തിയാക്കുന്നതു വരെ പുതിയ കണക്ഷൻ കൊടുക്കാൻ പാടില്ലെന്ന് ഇലക്ട്രിസിറ്റി ബോർഡിന്റെ ലീഗൽ അഡ്വൈസർ ബോർഡിന് എഴുതി കൊടുത്തിട്ടുണ്ട്. യാതൊരു കാരണവശാലും കൂടുതൽ കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത് ഈ മുൻസിഫിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഈ വോൾട്ടേജ് കുറയ്ക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ കൂടിയായ ബഹുമാനപ്പെട്ട മെമ്പർ, അങ്ങ കോടതിയെ സമീപിക്കുകയും, അനിവശ്യമായി ബോർഡിനേയും, ജനങ്ങളേയും ബുദ്ധിമുട്ടിക്കുന്ന നാട്ടുകാരനായ ആ വ്യക്തിയെ സന്ദർശിക്കുകയോ, അദ്ദേഹത്തെക്കൊണ്ട് ഇത് പിൻവലിപ്പിക്കുകയോ ചെയ്ത് ബോർഡിനേയും, ഗവൺമെന്റിനേയും രക്ഷിക്കണമെന്ന് ഒരു മറു അഭ്യർത്ഥന അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്.

(5) നരിപ്പറ ഗവൺമെന്റ് പ്രൈമറി ഹെൽത്തു സെന്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. കെ. ടി. കുഞ്ഞിരാമൻ: സർ, 1958-ൽ നാട്ടുകാർ സംഭാവന നൽകിയ സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിച്ച് നൽകിയതാണ് നരിപ്പറ ഗ്രാമീണ ഡിസ്പെൻസറി. കഴിഞ്ഞ വർഷം അത് ഒരു പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയിരിക്കുകയാണ്. ഇന്ന് ആ കെട്ടിടത്തിൽ ഡോക്ടർക്ക് രോഗികളെ നോക്കി ചികിൽസിക്കുവാനോ, ഉള്ള സൗകര്യമുപയോഗിച്ച് രോഗികളെ കിടത്തി ചികിൽസിക്കുവാനോ കഴിയുകയില്ല. മുപ്പതിനായിരം വരുന്ന ആ പഞ്ചായത്തിലെ ജനങ്ങളുടെ ഏക ആശ്രയമെന്ന നിലയ്ക്ക് നരിപ്പറ ഗ്രാമീണ പ്രൈമറി ഹെൽത്ത് സെന്റർ രോഗിയന്ത്രിതമായും പുനർ നിർമ്മാണം നടത്തി രോഗികൾക്ക് ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാനുള്ള സത്വര നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അതിന്റെ ഭവന നിർമ്മാണത്തിനു വേണ്ടി 62,500 രൂപ സാങ്ങ്ഷൻ ചെയ്തു. പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ച് വർക്കു തുടങ്ങുവാനുള്ള ഏർപ്പാട് ചെയ്തു കഴിഞ്ഞു.

(6) മാടക്കത്തറ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മാടക്കത്തറ പഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. ഇന്നുവരെ ആ പഞ്ചായത്തിനു ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടില്ല. ഒരു കുഴൽ കിണർ കുഴിച്ച് നോക്കി. പക്ഷേ പരാജയപ്പെടുകയാണ് ചെയ്തത്. മാടക്കത്തറ പഞ്ചായത്തിലെ മാടക്കത്തറ, കുറിച്ചിക്കര എന്നീ രണ്ടു വില്ലേജുകളും ചോലക്കുളം വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. വരൾച്ച രൂക്ഷമാകുമ്പോൾ മുൻഗണന നൽകി ലോറികളിൽ വെള്ളം വിതരണം ചെയ്യുന്ന ഒരു പഞ്ചായത്താണിത്. ഇപ്പോൾ ശുദ്ധജലം കിട്ടാതെ ജനങ്ങൾ നട്ടം തിരിയുകയാണ്. മാടക്കത്തറ പഞ്ചായത്തിൽ സമഗ്രമായ ഒരു ശുദ്ധജല വിതരണ പദ്ധതി (എന്റെ മണ്ഡലത്തിലെ പീച്ചിയിൽനിന്ന് കൊണ്ടുവരുന്ന വെള്ളം സംഭരിക്കുന്ന തൃശ്ശൂർ ആഗ്രമെന്റേഷൻ പദ്ധതിയുടെ ഭാഗമായി ഒരു സ്കീം) തയ്യാറക്കിയിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ഇന്നും അത് കോൾഡ് സ്റ്റോറേജിൽ കിടക്കുകയാണ്. മാടക്കത്തറ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി ഒരു യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly